Malappuram District Police

**22.07.2017 പൂക്കോട്ടുംപാടം**

വിൽപനക്കായി സൂക്ഷിച്ച കഞ്ചാവ് പാക്കറ്റുകളുമായി നിരവധി കേസുകളിൽ പ്രതിയായ ആളെ പിടികൂടി. നിലമ്പൂർ കരിമ്പുഴ സ്വദേശി കൊളപ്പറ്റ കരീമിനെയാണ് (66) പൂക്കോട്ടുംപാടം എസ്.ഐ അമൃത് രംഗന്റെ നേതൃത്വത്തിലുള്ള പൊലീസ് പിടികൂടിയത്. കഴിഞ്ഞ ദിവസം കരുളായി അങ്ങാടിയിൽ കഞ്ചാവ് വലിക്കുകയായിരുന്ന രണ്ടുപേരെ പിടികൂടിയിരുന്നു. ഇവരെ ചോദ്യം ചെയ്തപ്പോഴാണ് സ്ഥിരം വിൽപനക്കാരനായ കരീമിനെക്കുറിച്ച് സൂചന ലഭിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് ഇയാളെ പിടികൂടിയത്. വിൽപനക്കായി 50 ചെറിയ പാക്കറ്റുകളിൽ സൂക്ഷിച്ച കഞ്ചാവാണ് പിടിച്ചെടുത്തത്. എസ്.ഐയെ കൂടാതെ സി.പി.ഒമാരായ റിയാസ്, അഭിലാഷ്, അനീഷ് എന്നിവരും സംഘത്തിലുണ്ടായിരുന്നു. ഇയാൾക്കെതിരെ നിലമ്പൂർ, പാണ്ടിക്കാട് സ്റ്റേഷനുകളിലും കേസുകളുണ്ട്. തടവുശിക്ഷ അനുഭവിച്ചയാളുമാണ്. നിലമ്പൂർ കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാന്റ് ചെയ്തു.